41 (1773) കള്ളുഷാപ്പ് ലേലം

ശ്രീ. കെ.കെ. രാമചന്ദ്രൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ കള്ളുഷാപ്പുകൾ ലേലം ചെയ്യുന്നത് എത്ര വർഷത്തേക്കാണെന്ന് വ്യക്തമാക്കുമോ;

(ബി) ഏറ്റവും ഒടുവിലായി കള്ളുഷാപ്പ് ലേലം നടന്നത് ഏതു വർഷമാണ്;

(സി) പ്രസ്തുത ലേലത്തിൽ ഓരോ ജില്ലയിലേയും ലേല സംഖ്യ എത്രയാണെന്ന് വ്യക്തമാക്കുമോ;

(ഡി) ഷാപ്പുലേലം ഒന്നിൽക്കൂടുതൽ വർഷത്തേക്ക് ആണെങ്കിൽ ഏതൊക്കെ വ്യവസ്ഥകളുടെ അടിസ്ഥാനത്തിലാണ് ലേലം ചെയ്യുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 1999-2000 ആണ്ടിലെ അബ്കാരി നിയമമനുസരിച്ച് കള്ളുഷാപ്പുകൾ ഒരു വർഷത്തേക്കും ആവശ്യമാണെന്നു കാണുന്ന പക്ഷം മൂന്നുവർഷത്തിൽ കവിയാത്ത കാലയളവിലേക്കും ആണ് ലേലം ചെയ്യുന്നത്. സംസ്ഥാനത്ത് തൃശ്ശൂർ ജില്ല ഒഴികെ മറ്റു ജില്ലകളിൽ 1999-2000 ആണ്ടിൽ കള്ളുഷാപ്പുകൾ ഒരു വർഷത്തേക്കാണ് ലേലം ചെയ്തിട്ടുള്ളത്. തൃശ്ശൂർ ജില്ലയിലെ കള്ളുഷാപ്പുകൾ 1997-2000 (മൂന്ന്) വർഷത്തേക്കാണ് 1997-ൽ ലേലം ചെയ്തിട്ടുള്ളത്.

(ബി) 1999-2000 വർഷത്തേയ്ക്ക്.

(സി) 1999-2000 വർഷത്തെ കള്ളുഷാപ്പുലേലത്തുക (ജില്ല തിരിച്ച്) താഴെ ചേർക്കുന്നു.

ജില്ല	തുക
തിരുവനന്തപുരം	24,57,71,775
കൊല്ലം	15,71,51,555
പത്തനംതിട്ട	5,67,46,000
ആലപ്പുഴ	10,55,84,776
കോട്ടയം	8,71,98,440
ഇടുക്കി	3,44,14,864
എറണാകുളം	5,80,28,000
തൃശ്ശൂർ	25,60,03,674(മൂന്നു വർഷത്തെ തുകയുടെ ഒരുവർഷത്തേക്കുള്ള അനുപാതതുക)
പാലക്കാട്	11,71,36,876
മലപ്പുറം	2,66,97,000
കോഴിക്കോട്	1,69,95,000
വയനാട്	55,00,334
കണ്ണൂർ	6,04,52,000
കാസർഗോഡ്	1,50,48,100

LIBRARY ARCHIVES Kerala Legislative Assembly

ഒരു സാമ്പത്തികവർഷത്തെ ലേലത്തിൽ എല്ലാ കള്ളുഷാപ്പുകളും ഒരു വർഷത്തേക്കാണ് ആദ്യം ലേലം വിളിക്കുക. ഒരു വർഷത്തേക്ക് റേഞ്ച് അടിസ്ഥാനത്തിലോ, ഗ്രൂപ്പ് അടിസ്ഥാനത്തിലോ വിളിക്കാൻ ആളില്ലാതെ വരുന്ന സാഹചര്യത്തിൽ മൂന്നു വർഷത്തിൽ കവിയാത്ത കാലയളവിലേക്കുള്ള ലേലം പരിഗണിക്കാവുന്നതാണ് എന്നാണ് നയം. ഒരു വർഷത്തേക്കുള്ള ലേലവ്യവസ്ഥ തന്നെയാണ് ഒന്നിൽകൂടുതൽ വർഷത്തേക്കുള്ള ലേലത്തിനും ബാധകം.

42 (1774) തൃശ്ശൂർ ജില്ലയിലെ ഷാപ്പുലേലം

ശ്രീ. കെ.പി. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1997-98, 1998-99, 1999-2000 എന്നീ വർഷങ്ങളിൽ തൃശ്ശൂർ ജില്ലയിലെ ഓരോ റെയ്ഞ്ചുകളിലേക്കും കള്ളുഷാപ്പുകൾ എന്തു സംഖ്യയ്ക്ക് ആണ് ലേലം ചെയ്തു കൊടുത്തിട്ടുള്ളത്;

(ബി) മൂന്നു വർഷത്തേക്ക് കള്ളുഷാപ്പുകൾ ലേലത്തിൽ എടുത്ത കരാറുകാർ ഷാപ്പുകൾ ഉപേക്ഷിച്ചതിനെത്തുടർന്ന് ഈ കാലയളവിൽ എത്ര തവണ പുനർലേലം ചെയ്തു; എത്ര തവണ ഓഫറുകൾ വാങ്ങി;

(സി) വീണ്ടും പുനർലേലവും ഓഫറുകളും വാങ്ങിയതിനെത്തുടർന്ന് ഓരോ റേഞ്ചിലും സർക്കാരിനു കിട്ടേണ്ട റവന്യൂ വരുമാനത്തിൽ എത്ര സംഖ്യ കുറച്ചുവന്നിട്ടുണ്ടെന്ന് വിശദമാക്കുമോ;

(ഡി) തൃശ്ശൂർ ജില്ലയിൽ നിന്ന് ഈ മൂന്നു വർഷങ്ങളിലായി സർക്കാരിനു കിട്ടിയ സംഖ്യയെത്ര;

(ഇ) ഇതിന്റെ റേഞ്ച് തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ?

ഉത്തരം

(എ) തൃശ്ശൂർ ജില്ലയിലെ കള്ളുഷാപ്പുകൾ മൂന്നു വർഷത്തേയ്ക്കാണ് (1997-2000) ലേലം ചെയ്തിരിക്കുന്നത്. അവയുടെ ഒരു വർഷത്തേയ്ക്കുള്ള ആനുപാതിക തുക താഴെ പറയുന്ന പ്രകാരമാണ്.

റേഞ്ച്	1997-98	1998-99	1999-2000
ചേർപ്പ്	19500333	19500333	19500334
തൃശ്ശൂർ	14800000	14800000	14800000
അന്തിക്കാട്	29500000	29500000	29500000
ഇരിങ്ങാലക്കുട	50333333	50333333	50333334
ചാലക്കുടി	19001666	19001666	19001668
മാള	11666666	11666666	11666668
വടക്കാഞ്ചേരി	16000000	16000000	16000000
പഴയന്നൂർ	3025000	3025000	3025000
കുന്നംകുളം	26666666	26666666	26666668
ചാവക്കാട്	19503333	19503333	19503334
വാടാനപ്പള്ളി	16003333	16003333	16003334
കൊടുങ്ങല്ലൂർ	30003333	30003333	30003334
	256003663	256003663	256003674

LIBRARY ARCHIVES Kerala Legislative Assembly